(സി) നിയമപരമായി പോലീസ് ഇടപെടരുതെന്ന് നിഷ്കർഷിക്കുകയും അതേസമയം പോലീസ് ഇടപെടണമെന്ന ആവശ്യം ഉണ്ടാകുകയും ചെയ്യുമ്പോൾ കോടതികൾ, മനുഷ്യാവകാശ കമ്മീഷൻ, പോലീസ് കംപ്ലയിന്റ് അതോറിറ്റി എന്നിവിടങ്ങളിൽ നിന്നും പോലീസിനെതിരെ നടപടികൾ ഉണ്ടാകുന്നുണ്ട്. 12588/2012-ാം നമ്പർ റിട്ട് ഹർജിയിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച 17-11-2012-ലെ വിധിന്യായത്തിൽ 2011-ലെ കേരള പോലീസ് നിയമം 4(j), 63 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ പോലീസ് പ്രവർത്തിക്കാവൂ എന്നും സിവിൽ തർക്കങ്ങളിൽ പോലീസ് മധ്യസ്ഥത വഹിച്ച് വിചാരണ നടത്തി തീർപ്പുകൽപ്പിക്കുന്ന തരത്തിലുള്ള നടപടിക്രമം മേൽപ്പറഞ്ഞ വ്യവസ്ഥകളിൽ ഉദ്ദേശിച്ചിട്ടില്ല എന്നും നിരീക്ഷിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് ഇത്തരം കേസ്സുകളിൽ പോലീസ് നടപടി സ്വീകരിക്കുന്നത്.

(ഡി) സിവിൽ തർക്കങ്ങൾ പരിഹരിക്കുന്നതിൽ Sec.63 KP Act പ്രകാരം നിയമവിധേയമായി പോലീസ് ഇടപെടുന്നുണ്ട്.

കാണാതായ കുട്ടികളുടെ എണ്ണം

290 (267) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011, 2012, 2013, 2014, 2015 എന്നീ വർഷങ്ങളിൽ കാണാതായ കുട്ടികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ; ഇതിൽ പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും എണ്ണം പ്രത്യേകം നൽകാമോ?

ഉത്തരം

വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

സോളാർ കേസ്

291 (269) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ കേസിലെ പ്രതി സരിതാ നായരെ പെരുമ്പാവൂർ പോലീസ് കസ്റ്റഡിയിൽ എടുത്ത ഘട്ടത്തിലും വീട് പരിശോധന നടത്തിയ ഘട്ടത്തിലും പോലീസ് പിടിച്ചെടുത്ത ലാപ്ടോപ്പ്, സി.ഡികൾ, മൊബൈൽ ഫോണുകൾ തുടങ്ങിയവ എത്ര വീതമായിരുന്നു;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പിടിച്ചെത്തവ പൂർണ്ണമായും മഹസറിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ;

(സി) അറസ്റ്റ് ചെയ്ത സമയം വീട്ടിൽ നിന്നും പോലീസ് പിടിച്ചെടുത്തതായി പറയുന്ന എല്ലാ ലാപ്പോപ്പുകളും മൊബൈൽ ഫോണുകളും, കംപ്യൂട്ടർ ഹാർഡ് ഡിസ്കുകളും സോളാർ ബിസിനസ് സംബന്ധമായ രേഖകളും സോളാർ അന്വേഷണ കമ്മീഷൻ മുമ്പാകെ ഹാജരാക്കുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ-സി) ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിവിധ കോടതികളുടെ പരിഗണനയിലായതിനാൽ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

ടിപ്പർ ലോറി അപകടങ്ങൾ

292 (270) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ടിപ്പർ ലോറി അപകടങ്ങളുടെ എണ്ണം വാർഷികാടിസ്ഥാനത്തിൽ ജില്ല തിരിച്ച് അറിയിക്കുമോ;

(ബി) എത്ര മരണങ്ങൾ ഈ അപകടങ്ങളുമായി ബന്ധപ്പെട്ട് സംഭവിച്ചിട്ടുണ്ടെന്നുള്ള വിവരം വാർഷികാടിസ്ഥാനത്തിൽ ജില്ല തിരിച്ച് അറിയിക്കുമോ;

(സി) ടിപ്പർ ലോറികളുടെ അമിതവേഗത നിയന്ത്രിച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) വാർഷിക അടിസ്ഥാനത്തിൽ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. (18-05-2011 മുതൽ 2016 ജനുവരി 31 വരെ)

(സി) തിരക്കേറിയ സമയങ്ങളിൽ (പീക്ക് ടൈം) ടിപ്പർ ലോറികൾ രാവിലെ 9 മണി മുതൽ 10 മണി വരെയും വൈകുന്നേരം 4 മണി മുതൽ 5 മണി വരെയും നഗരത്തിനുള്ളിലും തിരക്കുള്ള റോഡുകളിലും പ്രവേശിക്കുന്നത് തടഞ്ഞിട്ടുണ്ട്. നിരീക്ഷണ ക്യാമറകളിലൂടെയും സ്പീഡ് റഡാറുകൾ, ഇന്റർസെപ്റ്റർ, വേഗപ്പൂട്ട് മുതലായ ആധുനിക സംവിധാനങ്ങളുടെയും ട്രാഫിക് പോയിന്റ് ഡ്യൂട്ടിക്കാരുടെയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly